മഹാത്മാ ഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560
ഫോൺ:0481-2733512

വാർത്താക്കുറിപ്പ്

2023 ജൂൺ 6

# പരിസ്ഥിതി മിത്രം പുരസ്കാരം ഡോ. മഹേഷ് മോഹന് സമ്മാനിച്ചു

മികച്ച പരിസ്ഥിതി ഗവേഷകനുള്ള 2020-22 ലെ സംസ്ഥാന പുരസ്കാരത്തിന് മഹാത്മാ ഗാന്ധി സർവകലാശാലയിലെ പരിസ്ഥിതി ശാസ്ത്ര പഠന വകുപ്പിലെ അസിസ്റ്റൻറ് പ്രഫസർ ഡോ. മഹേഷ് മോഹൻ അർഹനായി.

സംസ്ഥാന സർക്കാരിൻറെ പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റ് ഏർപ്പെടുത്തിയ ഒരു ലക്ഷം രൂപയും പ്രശസ്തിപത്രവും ഫലകവും അടങ്ങുന്ന പരിസ്ഥിതിമിത്രം പുരസ്കാരം തിരുവനന്തപുരത്ത് നടന്ന പരിസ്ഥിതി ദിനാചരണത്തിൻറെ സംസ്ഥാനതല ഉദ്ഘാടനച്ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഡോ. മഹേഷിന് സമ്മാനിച്ചു.

സർവകലാശാലയിലെ ഇൻറർനാഷണൽ സെൻറർ ഫോർ പോളാർ സ്റ്റഡീസിൻറെ ജോയിൻറ് ഡയറക്ടറായ ഡോ. മഹേഷ് മോഹൻ മെർക്കുറി മലിനീകരണ നിയന്ത്രണം, ഉത്തര ധ്രുവത്തിലെ മലിനീകരണം, പരിസ്ഥിതി പുനരുജ്ജീവനം, തടിയിതര വന വിഭവങ്ങളുടെ സംരക്ഷണം, മിയാവാക്കി വനനിർമ്മാണം, പരിസ്ഥിതി മാനേജ്മെൻറ്, പരിസ്ഥിതി ആഘാതനിർണയം എന്നീ മേഖലകളിലാണ് ഗവേഷണം നടത്തുന്നത്.

ചാലക്കുടി നദീതീര വനങ്ങളുടെ സംരക്ഷണത്തിൽ യു.എൻ.ഡി.പിയുമായി ചേർന്ന് പ്രവർത്തിക്കുന്ന ഇദ്ദേഹം 2014 മുതൽ ഇന്ത്യയുടെ ആർട്ടിക് പര്യവേഷണ പരിപാടിയുടെ ഭാഗമാണ്. സംസ്ഥാന പരിസ്ഥിതി ആഘാത നിർണയ അതോറിറ്റി അംഗം, എം.ജി. സർവകലാശാലാ ഗ്രീൻ പ്രോട്ടോക്കോൾ നോഡൽ ഓഫീസർ തുടങ്ങിയ നിലകളിലും പ്രവർത്തിക്കുന്നു.

പരിസ്ഥിതിയുമായി ബന്ധപ്പെട്ട നൂറോളം ഗവേഷമ പ്രബന്ധങ്ങളും മൂന്ന് പുസ്തകങ്ങളും എഴുതിയിട്ടുണ്ട്. കൂത്താട്ടുകുളം സ്വദേശിയാണ്. ഭാര്യ: ഡോ. രമ്യ (കാരിത്താസ് ആയുർവേദ ആശുപത്രി). മക്കൾ: ശിവാനി, ശിവകർത്തിക് (കെ.ഇസ്കൂൾ, മാന്നാനം).

**ഫോട്ടോ ക്യാപ്ഷൻ..**

സംസ്ഥാനത്തെ മികച്ച പരിസ്ഥിതി ഗവേഷകനുള്ള പരിസ്ഥിതി മിത്രം പുരസ് കാരം തിരുവനന്തപുരം തൈക്കാട് മോഡൽ ബോയ്സ് ഹയർസെക്കൻഡറി സ് കൂളിൽ നടന്ന പരിസ്ഥിതി ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനച്ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഡോ. മഹേഷ് മോഹന് സമ്മാനിക്കുന്നു.

(പി.ആർ.ഒ/39/602/2023)

## ഫീൽഡ് വർക്കർ; അപേക്ഷ ക്ഷണിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയുടെയും സയൻസ് ആന്റ് എൻജിനീയറിംഗ് റിസർച്ച് ബോർഡിന്റെയും സംയുക്ത ഗവേഷണ പ്രോജക്ടിൽ ഫീൽഡ് വർക്കറുടെ ഒരു താത്കാലിക ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു. കുടിയേറ്റ തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണത്തിൽ സാമൂഹിക സ്ഥാപനങ്ങളുടെയും സാങ്കേതിക വിദ്യയുടെയും സ്വാധീനം എന്നതാണ് പോജക്ട് വിഷയം.

പ്രതിമാസ ശമ്പളം 19800 രൂപ. അടിസ്ഥാന യോഗ്യത: സോഷ്യൽ സയൻസിൽ കുറഞ്ഞത് 60 ശതമാനം മാർക്കോടെ ബിരുദാനന്തര ബിരുദം. കുടിയേറ്റ തൊഴിലാളികളുമായി ബന്ധപ്പെട്ട അംഗീകൃത അക്കാദമിക് മേഖലയിൽ മൂന്നു വർഷത്തെ ഫീൽഡ് വർക്ക് പരിചയം, എം.എസ് ഓഫീസ് ആപ്ലിക്കേഷനുകളിൽ പ്രാവീണ്യം, മലയാളത്തിനു പുറമെ ഹിന്ദി, ബംഗാളി, അസമീസ്, മറ്റ് പ്രാദേശിക ഭാഷകളിൽ പരിജ്ഞാനം, സംസ്ഥാനത്തെ വിവിധ ജില്ലകളിൽ താമസിച്ച് വിവരശേഖരണം നടത്തുന്നതിനുള്ള സന്നദ്ധത എന്നിവ അഭിലഷണീയം.

അപേക്ഷകൾ യോഗ്യതാ രേഖകളുടെ സാക്ഷ്യപത്രങ്ങൾ സഹിതം ജൂൺ 12ന് രാവിലെ 11ന് മുൻപ് serbqss@mgu.a-c.in എന്ന ഇ മെയിൽ വിലാസത്തിൽ അയയ്ക്കണം. ഫോൺ 8714770906

(പി.ആർ.ഒ/39/603/2023)

## ഹ്രസ്വകാല റെഗുലർ കോഴ്സുകൾ; ജൂൺ 30 വരെ അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാല നടത്തുന്ന ഹ്രസ്വകാല റെഗുലർ ഫുൾ ടൈം പ്രോഗ്രാമുകളിലെ ഒഴിവുള്ള സീറ്റുകളിലേക്ക് പ്ലസ് ടൂ വിജയിച്ചവർക്ക് ജൂൺ 30 വരെ അപേക്ഷ നൽകാം.

ഡയറക്ടറേറ്റ് ഫോർ അപ്ലൈഡ് ഷോർട് ടേം പ്രോഗ്രാംസ് (ഡി.എ.എസ്.പി) നടത്തുന്ന ഡിപ്ലോമ ഇൻ ബേക്കറി ആൻറ് കോൺഫെക്ഷനറി, ഡിപ്ലോമ ഇൻ

ഫുഡ് ആൻറ്  ബിവറേജ് സർവീസ് ഓപ്പറേഷൻസ്, ഡിപ്ലോമ ഇൻ ലോജിസ്റ്റിക ്സ്-സപ്ലൈ ചെയിൻ ആൻറ് പോർട്ട് മാനേജ്മെൻറ് എന്നിവയാണ് കോഴ്സുകൾ.

പ്രായപരിധിയില്ല. വിശദവിവരങ്ങൾക്ക് www.dasp.mgu.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.
ഫോൺ- 8078786798
ഇ-മെയിൽ- dasp@mgu.ac.in.

(പി.ആർ.ഒ/39/604/2023)

## എം.എസ്.ഡബ്ല്യു പ്രോഗ്രാം: അപേക്ഷ ക്ഷണിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ ഡിസബിലിറ്റി സ്റ്റഡീസിൽ(ഐ.യു.സി.ഡി.എസ്) ആരംഭിക്കുന്ന മാസ്റ്റർ ഓഫ് സോഷ്യൽ വർക്ക്(എം.എസ്.ഡബ്ല്യു) പ്രോഗ്രാമിലേക്ക് അപേക്ഷ ക്ഷണിച്ചു. കമ്യൂണിറ്റി ഡെവലപ്മെൻറ്, സൈക്യാട്രിക് സോഷ്യൽ വർക്ക് എന്നിവയിലായിരിക്കും പ്രത്യേക പരിശീലനം.

www.iucds.mgu.ac.in എന്ന വെബ്സൈറ്റിൽ നിന്നും ഫോം ഡൗൺലോഡ് ചെയ്ത് ജൂൺ 15 വരെ അപേക്ഷിക്കാം.

ക്ലാസുകൾ ജൂലൈ 19ന് ആരംഭിക്കും.ഫോൺ: 9495213248, 9744309884

(പി.ആർ.ഒ/39/605/2023)

## പരീക്ഷാ തീയതിയിൽ മാറ്റം

ഒന്നാം സെമസ്റ്റർ എം.എസ്.സി ബയോ കെമിസ്ട്രി സി.എസ്.എസ്(2022 അഡ്മിഷൻ റെഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2021, 2020, 2019 അഡ്മിഷനുകൾ സപ്ലിമെൻററി മാർച്ച് 2023 പരീക്ഷയുടെ മൂന്ന് കോളജുകളിൽ നടത്തേണ്ടിയിരുന്ന പ്രാക്ടിക്കൽ പരീക്ഷകൾ മാറ്റിവച്ചു.

ജൂൺ 15, 16 തീയതികളിൽ നോർത്ത് പറവൂർ ശ്രീനാരായണ ഗുരു ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻറ് ടെക്നോളജിയിൽ നടക്കേണ്ടിയിരുന്ന പരീക്ഷ യഥാക്രമം ജൂൺ 20ലേക്കും 21ലേക്കും മാറ്റി. മാറമ്പള്ളി എം.ഇ.എസ് കോളജിൽ ജൂൺ 13, 14 തീയതികളിൽ നടക്കേണ്ടിയിരുന്ന പരീക്ഷ ജൂൺ 22, 23 തീയതികളിലാകും നടക്കുക. കാലടി ശ്രീ ശങ്കര കോളജിൽ ജൂൺ 13നും 14നും നടത്താൻ നിശ്ചയിച്ചിരുന്ന പരീക്ഷകൾ ജൂൺ 21നും 22നും നടക്കും.

വിശദമായ ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/606/2023)

## <u>പ്രാക്ടിക്കൽ</u>

ഒന്നാം സെമസ്റ്റർ ബി.വോക് സ്പോർട്സ് ന്യൂട്രീഷൻ ആൻറ് ഫിസിയോതെറാപ്പി - മാർച്ച് 2023 (പുതിയ സ്കീം - 2022 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെൻറും റീഅപ്പിയറൻസും, 2019,2018 അഡ്മിഷനുകൾ റീഅപ്പിയറൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂൺ 16 മുതൽ പാലാ അൽഫോൻസാ കോളജിൽ നടക്കും.

.............................................

നാലാം സെമസ്റ്റർ ബി.വോക് സസ്റ്റൈനബിൾ അഗ്രികൾച്ചർ-മെയ് 2023(പുതിയ സ്കീം - 2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2020,2019,2018 അഡ്മിഷനുകൾ റീഅപ്പിയറൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ജൂൺ 20 മുതൽ പാലാ, സെൻ്റ് തോമസ് കോളജിൽ നടക്കും.

.....................................................

ഒന്നാം സെമസ്റ്റർ എം.എസ്.സി ബയോഇൻഫോമാറ്റിക്സ് സി.എസ്.എസ്-മാർച്ച് 2023 (2022 ഡ്മിഷൻ റഗുലർ, 2021,2020,2019 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂൺ 12 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

........................................................

നാലാം സെമസ്റ്റർ സി.ബി.സി.എസ് ബി.എ മ്യൂസിക് വോക്കൽ, ബി.എ മ്യൂസിക് ചെണ്ട-ഏപ്രിൽ 2023 (ഇംപ്രൂവ്മെൻറ്, സപ്ലിമെൻററി) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂൺ ഒൻപത്, 12 തീയതികളിൽ തൃപ്പൂണിത്തുറ ആർ.എൽ.വി കോളജ് ഓഫ് മ്യൂസിക് ആൻഡ് ഫൈൻ ആർട്സിൽ നടക്കും.

................................................

ഒന്ന്, രണ്ട്, മൂന്ന് വർഷ ബി.എസ്.സി മെഡിക്കൽ മൈക്രോബയോളജി മാർച്ച് 2023 (2008 മുതൽ 2014 വരെ അഡ്മിഷൻ മെഴ്സി ചാൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ജൂൺ 14 മുതൽ നടക്കും. ടൈംടേബിൾ വെബ്സൈറ്റിൽ.

...............................................

നാലാം സെമസ്റ്റർ ബി.എസ്.സി മൈക്രോബയോളജി(കോർ - മോഡൽ 3) (സി.ബി.സി.എസ്. - 2020 അഡ്മിഷൻ ഇംപ്രൂവ്മെൻ്റ്, 2017 മുതൽ 2020 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്) മെയ് 2023 പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂൺ എട്ട്, ഒൻപത് തീയതികളിൽ നോർത്ത് പറവൂർ, എസ്,എൻ.ജി.ഐ.എസ്.റ്റി ആർട്സ് ആൻഡ് സയൻസ് കോളജിൽ നടക്കും

(പി.ആർ.ഒ/39/607/2023)

## <u>പരീക്ഷാ ഫലം</u>

2022 മാർച്ചിൽ നടത്തിയ നാലാം സെമസ്റ്റർ സി.ബി.സി.എസ്.എസ് – ബി.എ മോഡൽ 1,2,3(2014 മുതൽ 2016 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2013 അഡ്മിഷൻ മെഴ്സി ചാൻസ്)പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധയ്ക്കും ജൂൺ 21 വരെ ഓൺലൈനിൽ ഫീസ് അടച്ച് അപേക്ഷിക്കാം.

............................................................

രണ്ടാം സെമസ്റ്റർ എം.എസ്.സി സുവോളജി, എം.എസ്.സി ഫിസിക്സ് നവംബർ 2022 പരീക്ഷയുടെ(റഗുലർ, ഇംപ്രൂവ്മെൻറ്, സപ്ലിമെൻററി) ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധയ്ക്കും ജൂൺ 21 വരെ ഓൺലൈനിൽ ഫീസ് അടച്ച് അപേക്ഷിക്കാം.

(പി.ആർ.ഒ/39/608/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**